
# നമ്മുടെ സ്വാതന്ത്ര്യം വിത്തിലൂടെ

എസ് ഉഷ

സ്വതന്ത്ര ഇന്ത്യ 66-ാം പിറന്നാളാഘോഷിക്കുമ്പോൾ ഒരു വേള ഇന്ത്യൻ ദേശീയതയുടെ പ്രതീകമായി മാറിയ 'പരുത്തി' കമ്പോളവത്കരിക്കപ്പെടുകയാണ്. ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിനൊരുങ്ങുന്ന പരുത്തികർഷകർക്കൊപ്പം നമുക്കും അണിചേരാം.



വര: അജികുമാർ

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 66 വർഷം കഴിഞ്ഞിരിക്കുന്നു. ലക്ഷക്കണക്കിനാളുകൾ സ്വന്തം ജീവിതം ത്യജിച്ചാണ് ഈ സ്വാതന്ത്ര്യം നമുക്ക് നേടിത്തന്നത്. നമ്മുടെ ആവശ്യം ഒന്നു മാത്രമായിരുന്നു. നമ്മുടെ മണ്ണിനുമേൽ ജീവിതത്തിന്മേൽ നമുക്കു സ്വാതന്ത്ര്യം വേണം. ആരെയും പേടിക്കാതെ നമുക്ക് ജീവിക്കാൻ കഴിയണം. ഇന്ത്യയിലെ ഭൂരിപക്ഷത്തോളം വരുന്ന കർഷകർക്കും നെയ്ത്തുകാർക്കും അഭിമാനത്തോടെ തലയുയർത്തി നടക്കാൻ കഴിയണം. അവരുടെ ജീവിതത്തെക്കുറിച്ച് തീരുമാനിക്കാൻ അവർക്കു തന്നെ കഴിയണം.

സ്വന്തം വസ്ത്രങ്ങൾ സ്വയം നെയ്തെടുത്ത ഗാന്ധിജിയുടെ മാതൃക പിൻതുടർന്ന് സ്വാശ്രയത്വം ഒരു സമരമാർഗമായി നാമുപയോഗിച്ചു. പരുത്തി കർഷകരെയും നെയ്ത്തുകാരെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ബ്രിട്ടീഷ് സർക്കാരിന്റെ നയങ്ങളോടുള്ള വെല്ലുവിളികൂടിയായിരുന്നു ഈ സമരം. വ്യാവസായിക തുണിയുൽപാദനത്തിനെതിരെ കുടിൽവ്യവസായത്തെ വളർത്തുകയും അതിലൂടെ സാധാർണ ജനങ്ങളുടെ ജീവിതം സുരക്ഷിതമാക്കുകയും ചെയ്യുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം. എക്കാലവും പ്രസക്തമായ ഒരു സന്ദേശം. പരുത്തി വസ്ത്രങ്ങൾ നെയ്യുകയും ധരിക്കുകയും

ചെയ്തുകൊണ്ടാണ് ലക്ഷക്കണക്കിനാളുകൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തത്. ഖാദിവസ്ത്രം ധരിക്കുമ്പോൾ ഇപ്പോഴും നമുക്ക് അഭിമാനം തോന്നുന്നത് അതുകൊണ്ടാണ്. നമ്മുടെ പൂർവികർ· കഷ്ടപ്പെട്ട് നേടിത്തന്ന സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിന്റെ അഭിമാനം.

എന്നാൽ കഴിഞ്ഞ പത്തു പതിനഞ്ച് വർഷങ്ങളായി ഇന്ത്യയിലെ കർഷകർ, പ്രത്യേകിച്ചും പരുത്തികർഷകർ വീണ്ടും പ്രക്ഷോഭത്തിലാണ്. അവരുടെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും നഷ്ടപ്പെടുന്നതിന്റെ അങ്കലാപ്പിലാണവർ. ഇതിന്റെ പ്രത്യാഘാതം ഭീകരമായിക്കൊണ്ടിരിക്കുന്നു. രണ്ടു ലക്ഷത്തോളം കർഷകരാണ് ഇക്കാലയളവിൽ ഇന്ത്യയിൽ ആത്മഹത്യ ചെയ്തത്. ഇതിനെ തുടർന്ന് ഇന്ത്യ വീണ്ടും ഒരു സമരഭൂമിയായി മാറിക്കൊണ്ടിരിക്കുന്നു. കർഷകരും അവരെ പിന്താങ്ങുന്നവരും പറയുന്നത് ഇതൊരു രണ്ടാം സ്വാതന്ത്ര്യസമരമാണെന്നാണ്. നഷ്ടപ്പെട്ട തങ്ങളുടെ വിത്തുകൾ വീണ്ടെടുക്കാനുള്ള സമരമാണിത്. ഉപ്പ് കുറുക്കി ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ സമരം പോലെ തങ്ങളുടെ പരമ്പരാഗത വിത്തുകൾ കൃഷിചെയ്തുകൊണ്ട് മൊൻസാന്റോ, മഹികോ തുടങ്ങിയ വിത്തു കമ്പനികൾക്കെതിരെയാണ് കർഷകരും നാടിനെ സ്നേഹിക്കുന്ന നിരവധി ആളുകളും ഈ സമരത്തിൽ പങ്കാളികളാകുന്നത്. കഴിഞ്ഞ പത്ത് വർഷങ്ങളായി തങ്ങളെ അടക്കി ഭരിക്കുന്ന രണ്ട് ലക്ഷത്തോളം കർഷകരെ ആത്മഹത്യയിലേക്കെത്തിച്ച ഈ കമ്പനികളിൽ നിന്നുള്ള മോചനമാണിവരുടെ ലക്ഷ്യം.

ഇന്ത്യയിലെ കർഷകരുടെ കൈയിൽ അയ്യായിരത്തിലധികം നാടൻ പരുത്തിവിത്തുകളുണ്ടായിരുന്നു. വ്യത്യസ്ത കാലങ്ങളിൽ കൃഷി ചെയ്യാവുന്നതും വ്യത്യസ്ത പ്രദേശങ്ങളിൽ കൃഷി ചെയ്യാവുന്നതും പ്രത്യേകം ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നവയുമായിരുന്നു ഇവ. പല നിറങ്ങളിലുള്ള പരുത്തി നൽകുന്ന വിത്തുകൾ വരെ ഇക്കൂട്ടത്തിലുണ്ടായിരുന്നു. (അവയ്ക്ക് കൃത്രിമ നിറം നൽകേണ്ട കാര്യമില്ല). എന്നാൽ ഉൽപ്പാദനം കൂട്ടുന്നതിന്റെ ഭാഗമായി ഉല്പാദനശേഷി കൂടുതലുള്ള ഹൈബ്രിഡ് വിത്തുകൾ കൃഷിക്കാർ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ പതുക്കെ പതുക്കെ അവരുടെ കൈയിലുണ്ടായിരുന്ന നാട്ടുവിത്തുകൾ അവർ നടാതായി. എന്നാൽ ഹൈബ്രിഡ് വിത്തുകളുടെ ഉപയോഗം കൃഷിച്ചിലവ് കൂട്ടാൻ ഇടയാക്കി. കൂടുതൽ രാസവളങ്ങളും കീടനാശിനിയും ആവശ്യമായി വന്നു. മഴയെ ആശ്രയിച്ചുള്ള കൃഷി സാദ്ധ്യമല്ലാതായി. വിത്തുകൾ സമയത്തിന് കിട്ടാതായി.

ഏകദേശം പത്ത് വർഷങ്ങൾക്കു മുൻപ് ബി ടി പരുത്തിയെന്ന ജനിതകമാറ്റം വരുത്തിയ വിത്ത് മാർക്കറ്റിലിറങ്ങി. കീടനാശിനി ഉപയോഗം കുറയ്ക്കാമെന്നായിരുന്നു വിത്തുകമ്പനികളുടെ വാഗ്ദാനം. വില കൂടുതലാണെങ്കിലും കർഷകർ ഇത് വാങ്ങിക്കാൻ തയ്യാറായി. പതുക്കെ പതുക്കെ മറ്റെല്ലാ വിത്തുകളും മാർക്കറ്റിൽ നിന്ന് അപ്രത്യക്ഷമായി. അതോടെ ബി ടി വിത്തിന് വിലകൂടി. പിടിച്ചു നിൽക്കാനാവാതെ കർഷകർ കടം കയറി ആത്മഹത്യചെയ്യാനും തുടങ്ങി.

**എന്തിനാണീ സമരം? നല്ല വിത്തില്ലെങ്കിൽ കൃഷി പിഴയ്ക്കും. പട്ടിണി കിടന്നാൽ പോലും കർഷകർ വിത്ത് ഭക്ഷണമാക്കില്ല. കാരണം അതാണ് ഭാവിയിലേക്കുള്ള കരുതൽ. വിത്തുണ്ടെങ്കിൽ തങ്ങൾ സുരക്ഷിതരാണെന്ന ബോധം... മഴയെത്തിയാൽ വിത്ത് വീണ്ടും മണ്ണിലിടാം... ജീവിതം പച്ചപിടിപ്പിക്കാം.**

ഈ സാഹചര്യത്തിലാണ് ദേശീയതലത്തിൽ തന്നെ വിത്ത് തിരിച്ചുപിടിക്കാനുള്ള സമരപരിപാടികൾ ആരംഭിച്ചത്. സർക്കാരിനെക്കൊണ്ട് ഈ ആവശ്യം അംഗീകരിപ്പിക്കാനുള്ള ശ്രമത്തിലാണവർ. വിത്ത് കർഷകരുടേതാണ്. അല്ലാതെ വിത്തുണ്ടാക്കുന്ന കമ്പനികളുടേതല്ല. എന്നാൽ വിത്തുകമ്പനികൾ പഴയ ബ്രിട്ടീഷ് സർക്കാരിനെയും ഈസ്റ്റിന്ത്യാ കമ്പനിയെയും പോലെ പെരുമാറുകയാണ്. ഇന്ത്യയിൽ കൃഷി ചെയ്യുന്ന എല്ലാ പരുത്തി വിത്തുകളും മൊൻസാന്റോ എന്ന അമേരിക്കൻ കമ്പനിയുടേതാണെന്നാണ് അവർ അവകാശപ്പെടുന്നത്. കർഷകർ ഇത് ഉണ്ടാക്കിക്കൂടാ! സ്വാതന്ത്ര്യത്തിന്റെ പ്രതീകമായിരുന്ന

പരുത്തി ഇന്ന് അമേരിക്കൻ കമ്പനിയായ മൊൻസാന്റോയുടെ കൈയിലായിരിക്കുന്നു എന്ന ദുഃഖസത്യമാണ് ഒട്ടനവധി ആളുകളെ ഈ സമരത്തിലേക്കാകർഷിച്ചത്. ഇന്ന് നമ്മൾ ധരിക്കുന്ന പരുത്തി വസ്ത്രങ്ങൾ പോലും ഈ വിത്തിൽ നിന്ന് ഉൽപ്പാദിപ്പിച്ചവയാണ്. പ്രകൃതിവിരുദ്ധമായ, ദേശവിരുദ്ധമായ, കർഷകവിരുദ്ധമായ വിത്തുകളിൽ നിന്ന്. എന്തിന് നമ്മുടെ പ്രധാനമന്ത്രി ചെങ്കോട്ടയിലുയർത്തുന്ന പരുത്തി കൊണ്ടുണ്ടാക്കിയ ദേശീയപതാകവരെ ഈ അമേരിക്കൻ വിത്തുകമ്പനിയിൽ നിന്നുള്ള പരുത്തി ആണ്!

അതിനാൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി കർഷകരും കാർഷികവിദഗ്ധരുമെല്ലാം നമ്മുടെ പാരമ്പര്യ വിത്തുകളെ സംരക്ഷിച്ചെടുക്കാനും വികസിപ്പിക്കാനുമുള്ള ശ്രമത്തിലാണ്. കർണാടകത്തിലെ നാഗപ്പ എന്ന യുവകർഷകൻ മുപ്പതിലധികം ഇനം നാടൻ പരുത്തിവിത്തുകൾ കൃഷിചെയ്ത് മറ്റു കർഷകർക്കൊരു മാതൃകയാവുകയാണ്. ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിനുള്ള തയ്യാറെടുപ്പിലാണവർ. ഇക്കൊല്ലം ഈ പരുത്തിയിൽ നിന്ന് അവർ രണ്ടായിരത്തോളം ചെറുതും വലുതുമായ കൊടിയുണ്ടാക്കി ഡൽഹിയിലേക്ക് മാർച്ച് ചെയ്തു. 'മൊൻസാന്റോ ക്വിറ്റിന്ത്യ' എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. തങ്ങളുണ്ടാക്കിയ കൊടി അവർ പ്രധാനമന്ത്രിക്ക് നൽകുകയും ചെങ്കോട്ടയിൽ ഇത് ഉയർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഉത്സാഹത്തോടെയാണവർ തങ്ങളുടെ ഗ്രാമങ്ങളിലേക്ക് മടങ്ങിയിരിക്കുന്നത്. കൂടുതൽ കർഷകർക്ക് നാട്ടുപരുത്തിവിത്തുകൾ നൽകി കൃഷി ആരംഭിച്ചിരിക്കുകയാണ്. വരുംകൊല്ലം പതിനായിരത്തോളം കൊടി ഉണ്ടാക്കുകയാണ് ലക്ഷ്യം. 'വിത്ത് കർഷകരുടേതാണ്. വിത്ത് ഈ നാടിന്റേതാണ്. ഇത് വരുംതലമുറയ്ക്ക് കൈമാറാനുള്ളതാണ്. വിത്ത് കച്ചവടം ചെയ്ത് ലാഭം കൊയ്യാനുള്ള ഒരു ഉൽപ്പന്നമല്ല. ഇത് നാടിന്റെ പൈതൃകമായി സംരക്ഷിക്കപ്പെടേണ്ട സമ്പത്താണ്.' ഈ മഹത്തായ സന്ദേശം ഉയർത്തിക്കൊണ്ടാണ് ഒരു രണ്ടാം സ്വാതന്ത്ര്യസമരത്തിലേക്ക് ഈ കർഷകർ നടന്നു നീങ്ങുന്നത്. ഇവരുടെ കൂടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നും പ്രകൃതിയെ സ്നേഹിക്കുന്ന, മനുഷ്യരെ സ്നേഹിക്കുന്ന ആളുകളെല്ലാം ഒത്തുചേരുന്നു. നമ്മുടെ രാഷ്ട്രപിതാവിന്റെ സന്ദേശം വീണ്ടും ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു പുതിയ സ്വാതന്ത്ര്യത്തിനായി, അഹിംസയിലൂടെയും സ്വാശ്രയത്വത്തിലൂടെയും ഇന്ത്യയെ വീണ്ടെടുക്കാനായി മണ്ണിനെയും മനുഷ്യനെയും കണ്ടെത്താനായി. നാട്ടുവിത്തിനങ്ങൾ സംരക്ഷിച്ചുകൊണ്ട് നമുക്കും ഈ യജ്ഞത്തിൽ പങ്കാളികളാകാം.

